**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 18** **01-02-2023 - ൽ മറുപടിയ്ക്ക്**

**പോഷക സമ്പുഷ്ട അരി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റേഷൻകടകളിലൂടെ പോഷക സമ്പുഷ്ട അരി വിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. രാജ്യത്തെ സ്ത്രീകളിലും കുട്ടികളിലും പൊതുവായി കാണപ്പെടുന്ന അനീമിയ തുടങ്ങിയ രോഗങ്ങളുടെ പ്രധാന കാരണം ആഹാരത്തിലെ പോഷക കുറവാണെന്നും ഇത് പരിഹരിക്കുന്നതിലേക്കായി രാജ്യത്തെ റേഷൻകടകളിലൂടെ സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുവാനും കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ നിർദേശത്തോട് സംസ്ഥാന സർക്കാർ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന സി.എം.ആർ (Custom Milled Rice) പോഷക സമ്പുഷ്ടമായതിനാൽ സംസ്ഥാനത്തിനെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് 18/01/2023, 24/11/2022, 05/04/2022 എന്നീ തിയതികളിൽ അർദ്ധ ഔദ്യോഗിക കത്തുകൾ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് എവിടെയെല്ലാം ഇപ്രകാരമുള്ള അരി വിതരണം ചെയ്തിട്ടുണ്ടെന്നും മതിയായ പഠനത്തിന് ശേഷമാണോ വിതരണം ചെയ്തതെന്നും വിശദമാക്കുമോ? | (സി) | സമ്പുഷ്ടീകരിച്ച അരി വിതരണം ദേശീയ തലത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വയനാട് ജില്ലയെ കേന്ദ്ര സർക്കാർ aspirational district ആയി തെരഞ്ഞെടുക്കുകയും ഫോർട്ടിഫൈഡ് അരിയുടെ വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില മാധ്യമങ്ങളും സന്നദ്ധ പ്രവർത്തകരും ഫോർട്ടിഫൈഡ് റൈസിന്റെ വിതരണത്തിൽ ആശങ്ക രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ വയനാട് ജില്ലയിലെ എം.എൽ.എ മാരുടെ യോഗം 24/08/2022ന് വിളിക്കുകയും തലാസീമിയ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ഫോർട്ടിഫൈഡ് അരിയുടെ |

| | | | |
|---|---|---|---|
| | | | ഉപയോഗം ദോഷകരമാകുമെന്ന ആശങ്കയെ തുടർന്ന് ഇത്തരം രോഗികൾക്ക് ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യേണ്ടതില്ലെന്ന് തീരുമാനിക്കുകയും പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ചെയർമാനായും അഡിഷണൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ (പബ്ലിക്ക് ഹെൽത്ത്) കൺവീനറായും വിദഗ്ധരുടെ ഒൻപത് അംഗ സമിതിയെ ആരോഗ്യ വകുപ്പിന്റെ 31/01/2023 ലെ ഉത്തരവ് പ്രകാരം (GO(Rt)No.233/ 2023/H&FWD)രൂപീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് MDMS പദ്ധതി പ്രകാരം കഴിഞ്ഞ രണ്ട് വർഷമായി സമ്പുഷ്ടീകരിച്ച അരിയാണ് നൽകിവരുന്നത് |

സെക്ഷൻ ഓഫീസർ